**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3418** 12/12/2014-ൽ മറുപടിയ്ക്ക്

"ചാലക്കുടി നോർത്ത് ബസ് സ്റ്റാന്റ്"

| ചോദ്യം<br>ശ്രീ.ബി.ഡി.ദേവസ്സി | | മറുപടി<br>ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | എം.എൽ.എയുടെ പ്രാദേശിക വികസന ഫണ്ടിൽനിന്നും 25 ലക്ഷം രൂപ അനുവദിച്ച്, ചാലക്കുടി മുനിസിപ്പാലിറ്റിയിൽ പണി കഴിച്ച ചാലക്കുടി നോർത്ത് ബസ് സ്റ്റാന്റ് ഇനിയും പ്രവർത്തനം ആരംഭിയ്ക്കാ ത്തതു മൂലം ജനങ്ങൾക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ചാലക്കുടി പട്ടണത്തിലെ ഗതാഗത ക്കുരുക്ക് ഒഴിവാക്കു ന്നതിനും, നഗരത്തിന്റെ വികസന ത്തിന് സഹായകരവുമായ പ്രസ്തുത ബസ് സ്റ്റാന്റ് തുറന്നു പ്രവർത്തിപ്പി ക്കുന്ന തിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ? | (ബി) | നോർത്ത് ബസ്സ്റ്റാൻന്റ് തുറന്ന് പ്രവർത്തിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ചാലക്കുടി എം.എൽ.എ യുടെ വികസന ഫണ്ടിൽ നിന്നും അനുവദിച്ച 25 ലക്ഷം ഉപയോഗിച്ച് നോർത്ത് ബസ് സ്റ്റാൻന്റ് യാർഡ് മെറ്റലിംഗ്, ബസ് ഷെൽട്ടർ, ഡ്രെയിൽ എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കാൻ വൈദ്യുതി കണക്ഷൻ, പുറമ്പോക്ക് തോട് സൈഡ് കെട്ടി കവറിംഗ് സ്ലാബ് സ്ഥാപിക്കുന്ന പ്രവൃത്തി എന്നിവ കൂടി പൂർത്തീകരിച്ചാൽ ബസ്സ്റ്റാൻന്റിന് ആവശ്യമായ എല്ലാ ഭൗതിക സാഹചര്യങ്ങളും ആകും. ടി പ്രവൃത്തികൾക്കായി 2014-15 വർഷത്തെ പദ്ധതിയിൽ തുക വകയിരുത്തി നഗരസഭ നടപടി സ്വീകരിച്ചിട്ടുണ്ട്. 2.5 ഏക്കർ സ്ഥലം ആവശ്യമായ ബസ്സ്റ്റാന്റിന് നഗരസഭയുടെ ഉടമകളിൽ നിന്നും ഉപാധിരഹിതമായി വിട്ടുകിട്ടുന്നതിനും 24 സെന്റ് സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ